# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ് വെള്ളായണി, തിരുവനന്തപുരം

No AH / 817 / 2026

മൃഗ സംരക്ഷണ വിഭാഗം
കാർഷിക കോളേജ്, വെള്ളായണി
തീയതി: 26 - 2 - 2026

## ലേലപരസ്യം

വെള്ളായണി കാർഷിക കോളേജ്, ആനിമൽ ഹസ്ബൻഡ്റി വിഭാഗത്തിന് കീഴിലുള്ള ഡയറി ഫാമിലെ വെച്ചൂർ ഇനത്തിൽ പെട്ട ഒരു കാളയും, സങ്കരയിനത്തിൽപെട്ട രണ്ടു കിടാരികളും, ഏഴ് പശുക്കളും ഉൾപ്പടെ പത്ത് ഉരുക്കളെ സർവ്വകലാശാല ലേല വ്യവസ്ഥകൾക്ക് വിധേയമായി 2026, മാർച്ച് 12 ആം തിയതി വ്യാഴാഴ്ച കാലത്ത് പത്ത് മണിക്ക് ഫാം പരിസരത്ത് വെച്ച് പരസ്യലേലം / ക്വട്ടേഷൻ വഴി വിൽക്കുന്നതാണ്.

ലേലത്തിലും ക്വട്ടേഷനിലും, പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേ ദിവസം പത്ത് മണിക്ക് മുൻപായി 5000 രൂപ നിരത ദ്രവ്യമായി കെട്ടി വെയ്ക്കേണ്ടതാണ്.

ലേലം വിളി കഴിഞ്ഞ ശേഷം, അതുവരെ കിട്ടിയിട്ടുള്ള ക്വട്ടേഷനുകൾ തുറക്കുകയും ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ക്വട്ടേഷനോ ലേലത്തുകയോ സ്വീകരിച്ചു കൊണ്ട് വില്പന സ്ഥിരപ്പെടുത്തുന്ന തുമാണ്.

ലേലം / ക്വട്ടേഷൻ വഴി സ്ഥിരപ്പെടുത്തിയ തുക അപ്പോൾ തന്നെ ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതും അന്നേ ദിവസം അഞ്ച് മണിക്ക് മുൻപ് തന്നെ ഉരുക്കളെ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും സർവ്വകലാശാല വസ്തു വകകൾക്ക് കേടുപാട് കൂടാതെ കൊണ്ടുപോകേണ്ടതുമാണ്.

നിശ്ചിത ലേലം /ക്വട്ടേഷൻ വേണ്ടെന്ന് വയ്ക്കുന്നതിനും ലേല തീയതി മാറ്റി വയ്ക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഫാം മേധാവിയിൽ നിക്ഷിപ്തമാണ്.

സർക്കാർ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും. ഏതെങ്കിലും കാരണവശാൽ മുകളിൽ പറഞ്ഞ തീയതി അവധി ദിവസമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും

ഒപ്പ്
ചെയർപേഴ്സൺ
ലേല കമ്മിറ്റി

Copy to

Dean, Committee members, Notice boards, Website, Public places, spare